പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## രണ്ടാമത് റിപ്പോർട്ട്
## (2017-2018)

## SECOND REPORT ON THE
## SCRUTINY OF DEMANDS FOR GRANTS
## (2017-2018)

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-2018)

SECOND REPORT ON THE
SCRUTINY OF DEMANDS FOR GRANTS
(2017-2018)

412/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2016-2018)

### ഘടന

**അദ്ധ്യക്ഷൻ:**

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ:**

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

**അംഗങ്ങൾ:**

| | |
|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. എൻ. ജയരാജ്, | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. ഡി. കെ. മുരളി, | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ്, | ,, |

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 23, 29 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

ധനാഭ്യർത്ഥന നമ്പർ V — കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VII — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ധനാഭ്യർത്ഥന നമ്പർ VIII — എക്സൈസ്

ധനാഭ്യർത്ഥന നമ്പർ X — ട്രഷറികളും അക്കൗണ്ടുകളും

ധനാഭ്യർത്ഥന നമ്പർ XI — ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XVI — പെൻഷനും പലവകയും

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XLIII — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

ധനാഭ്യർത്ഥന നമ്പർ XLV — പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2017 ഏപ്രിൽ മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2017 ഏപ്രിൽ 11.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത് : 35,572.98 ലക്ഷം രൂപ.

ചാർജ്ജ് ചെയ്തത് : 36.20 ലക്ഷം രൂപ.

2040-00-101-97-02—വാണിജ്യ നികുതി ഓഫീസുകൾ-വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 156.20 ലക്ഷം രൂപ.

(1) ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05(1)—ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 8.47 ലക്ഷം രൂപ.

(2) വെള്ളക്കരമിനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 180 ലക്ഷം രൂപ.

(3) തിരുവനന്തപുരം. എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വകുപ്പിന് വാടക, വസ്തു നികുതി എന്നീ ഇനങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-21(1)—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1000 രൂപ.

(4) വകുപ്പിന്റെ ഉപയോഗത്തിനായി 67 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4.52 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത് : 22,052.97 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

2030-01-102-99—മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ-മുദ്രപ്പത്ര വിൽപ്പന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 180 ലക്ഷം രൂപ.

(5) ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-02-102-99—മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ-മുദ്രപ്പത്ര വിൽപ്പന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2,500 ലക്ഷം രൂപ.

(6) നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-99-21(1)—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല.

(7) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിന്റെ കണ്ടം ചെയ്ത വാഹനത്തിനു പകരം പുതിയ വാഹനം സാങ്കേതിക കാരണങ്ങളാൽ വാങ്ങാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96-05(3)—ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 4.25 ലക്ഷം രൂപ.

(8) ജില്ലാ ഓഫീസുകൾക്കായി ടെലഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96-45—ജില്ലാ ഓഫീസുകൾ-പി.ഓ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 3.30 ലക്ഷം രൂപ.

(9) 14 ജില്ലാ ഓഫീസുകൾക്കായി വാഹനങ്ങളുടെ പി.ഓ.എൽ. ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവായതിനാൽ 1,50,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-05(3)—സബ്‌രജിസ്ട്രി ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 13.35 ലക്ഷം രൂപ.

(10) എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽകൃതവും Broad Band കണക്ഷൻ ഉള്ളവയുമായതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ 12 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-06—സബ്‌രജിസ്ട്രി ഓഫീസുകൾ-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 85 ലക്ഷം രൂപ.

(11) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 109 സബ്‌രജിസ്ട്രാർ ഓഫീസുകൾക്കും വാടകയിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി കൂടുതലായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് : 30,904.27 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 15 ലക്ഷം രൂപ

2039-00-001-99—നടത്തിപ്പും ഭരണവും -മേൽനോട്ടം

15-രഹസ്യസേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15 ലക്ഷം രൂപ.

(12) എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 (2)—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 46.44 ലക്ഷം രൂപ.

(13) , എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 (3)—മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 41.40 ലക്ഷം രൂപ.

(14) പി.എസ്.സി. അഡ്വൈസ് ചെയ്ത വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കും സിവിൽ എക്സൈസ് ഓഫീസർമാർക്കും എക്സൈസ് ഇൻസ്പെക്ടർമാർക്കും ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-05—റേഞ്ച് ഓഫീസുകൾ-ഓഫീസ് ചെലവുകൾ
3-ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 23.65 ലക്ഷം രൂപ.

(15) എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലഫോൺ ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(4)—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 20.16 ലക്ഷം രൂപ.

(16) എക്സൈസ് റെയിഞ്ച് ആഫീസുകളുടെ മറ്റ് ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94-34—എക്സൈസ് വകുപ്പിന്റെ നവീകരണം-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 165 ലക്ഷം രൂപ.

(17) വാഹനങ്ങൾ, കമ്പ്യൂട്ടർവൽക്കരണം, ഡിവിഷൻ ഓഫീസുകളുടെ ക്യൂബിക്കിൾ നിർമ്മാണം, ഇ-ഗവേർണൻസ്, ഫീൽഡ് ഓഫീസുകളുടെ നവീകരണപ്രക്രിയകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനായി 4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ട് ചെയ്തത് : 65,800.09 ലക്ഷം രൂപ.

ചാർജ്ജ് ചെയ്തത് : 106.50 ലക്ഷം രൂപ.

2047-00-103-99-34—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 65 ലക്ഷം രൂപ.

(18) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ 130.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധികസേവനത്തിന് നൽകുന്ന പ്രതിഫലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 16,100 ലക്ഷം രൂപ.

(19) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും കുടിശ്ശികയുൾപ്പെടെയുള്ള പ്രതിഫലം നൽകുന്നതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 57 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-86—ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവനപദ്ധതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1,000 രൂപ.

(20) ഭവന വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 9.99 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് : 25,41,058.02 ലക്ഷം രൂപ.

ചാർജ്ജ് ചെയ്തത് : 5,558.08 ലക്ഷം രൂപ

2075-00-103-99-(01)—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിന്മേലുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 34,554 ലക്ഷം രൂപ.

(21) ഭാഗ്യക്കുറി ടിക്കറ്റ് അച്ചടിയിൽ പുതിയ സെക്യൂരിറ്റി സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ അച്ചടിക്കൂലിയിൽ ഉണ്ടാകുവാൻ ഇടയുള്ള വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-99-(02)-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പ്രചരണ ചെലവുകൾ-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 4,000 ലക്ഷം രൂപ.

(22) ഭാഗ്യക്കുറികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യം, പ്രചരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 20 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2,94,526 ലക്ഷം രൂപ.

(23) ലോട്ടറിയുടെ വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റുമാർക്ക് നൽകുന്ന സമ്മാനം എന്നിവയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 90 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97—സമ്മാനദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 3,37,025 ലക്ഷം രൂപ.

(24) സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാന തുക നൽകുന്നതിനായി 309 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-96(10)—കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെന്റ് സംഭാവന-സംഭാവന

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 3,333 ലക്ഷം രൂപ.

(25) ക്ഷേമനിധി ബോർഡിലേക്ക് മൊത്തം വാർഷിക വിറ്റുവരവിന്റെ 1 ശതമാനം തുക സർക്കാർ സംഭാവനയായി നൽകേണ്ടതുള്ളതിനാലും നടപ്പു സാമ്പത്തിക വർഷം വിറ്റുവരവിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും ഈ ശീർഷകത്തിൽ അധികമായി 59 കോടി രൂപ കൂടി അനുവദിക്കുമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-95—ലോട്ടറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽ കൂട്ട്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 26,132 ലക്ഷം രൂപ.

(26) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉള്ളതിനാൽ ഈ ശീർഷകത്തിൽ 450 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 188 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94-34(3)—മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 11 ലക്ഷം രൂപ.

(27) ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസ് നവീകരിക്കുന്നതിനും സബ്സെന്ററുകൾ സജ്ജീകരിക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 63.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94-99—വിവരസാങ്കേതികവിദ്യ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 100 ലക്ഷം രൂപ.

(28) വകുപ്പിലെ നിലവിലുള്ള ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് എന്നിവ നവീകരിക്കുന്നതിനും സബ് സെന്ററുകൾക്കാവശ്യമായ ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് എന്നിവ ലഭ്യമാക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 93 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-05—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ -ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - (2) വൈദ്യുതി ചെലവ് - 8.50 ലക്ഷം രൂപ

(3) ടെലഫോൺ ചെലവ് - 4.3 ലക്ഷം രൂപ

(29) വകുപ്പിന് അനുവദിച്ച 15 സബ്സെന്ററുകളിലെയും 3 താലൂക്ക് ഓഫീസുകളിലെയും വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നീ ശീർഷകങ്ങളിൽ യഥാക്രമം 6.48 ലക്ഷം രൂപയും 4.32 ലക്ഷം രൂപയും ഉൾപ്പടെ 10.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-06—വാടക, കരം, നികതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 7.50 ലക്ഷം രൂപ.

(30) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ വാടകയിനത്തിലും പുതുതായി അനുവദിച്ച 15 സബ്സെന്ററുകളുടെയും 3 താലൂക്ക് ഓഫീസുകളുടെയും വാടകയിനത്തിലും അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 46.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി-വിഹിതം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 230.95 ലക്ഷം രൂപ.

(31) ശമ്പളം/ശമ്പളേതര വിഹിതമായി 230.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഓഫീസ് കെട്ടിട നിർമ്മാണത്തിനും സിംഗിൾ എഞ്ചിൻ വിമാനം, സീപ്ലെയിൻ, പുതിയ വിമാന എഞ്ചിൻ എന്നിവ വാങ്ങുന്നതിനും തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 12.78 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-90—മുൻ നാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ-പെൻഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 127.50 ലക്ഷം രൂപ.

(32) കഴിഞ്ഞ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായിരുന്നതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-83—മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15 ലക്ഷം രൂപ.

(33) കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക കൂടാതെ അധികമായി 1.75 ലക്ഷം രൂപ ചെലവഴിക്കേണ്ടിവന്നതിനാൽ പ്രസ്തുത ആവശ്യത്തിന് ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2071-01-200-97—കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 205 ലക്ഷം രൂപ.

(34) കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നടപ്പ് സാമ്പത്തിക വർഷം 35 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(35) കേരളത്തിലെ എല്ലാ മുൻനാട്ടുരാജാക്കന്മാരുടെയും കുടുംബാംഗങ്ങളുടെയും പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 101.90 ലക്ഷം രൂപ.

(36) നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായി വരുന്നപക്ഷം 18 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക

ചാർജ്ജ് ചെയ്തത് : 50 കോടി രൂപ.

(37) കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധി തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 1,75,777.39 ലക്ഷം രൂപ.

ചാർജ്ജ് ചെയ്തത് : ഇല്ല

3454-02-111-89—കാർഷിക സ്ഥിതിവിവര കണക്ക് പദ്ധതിയുടെ മെച്ചപ്പെടുത്തൽ-ഇ.എ.ആർ.എ.എസ്. (100% സി.എസ്.എസ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 ലക്ഷം രൂപ.

(38) കാർഷിക സ്ഥിതിവിവര കണക്ക് ശേഖരിക്കൽ (ഇ.എ.ആർ.എ.എസ്.) സർവ്വെ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി 42.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-111-88-01—സംസ്ഥാനത്തെ ജനനമരണ സ്ഥിതിവിവര കണക്കുകൾ ശക്തിപ്പെടുത്തൽ (10% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 ലക്ഷം രൂപ.

(39) ആനുവൽ പ്ലാൻ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നതും എന്നാൽ അനുവദിച്ചു കിട്ടിയിട്ടില്ലാത്തതുമായ നോസോളജിസ്റ്റിന്റെ ശമ്പള തുകയായ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-97—ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 100% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 ലക്ഷം രൂപ.

(40) 5-ാമത് മൈനർ ഇറിഗേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനായി ഈ ശീർഷകത്തിൽ 72.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-90—സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തുന്നതിനുള്ള സഹായം (ഭാരതീയ സ്ഥിതിവിവര കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 60 ലക്ഷം രൂപ.

(41) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് (ISSP)-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ തുടരുന്നതിലേക്കായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203-95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 42 ലക്ഷം രൂപ.

(42) വകുപ്പിന്റെ ജില്ല, താലൂക്ക് ആഫീസുകളിലെ ഐ.ടി. അധിഷ്ഠിത പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

വോട്ടുചെയ്തത് : 24,355.54 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത്: ഇല്ല

7610-00-201-99—ഭവന നിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം -20 ലക്ഷം രൂപ

(43) ഏഴാമത് കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ഭവന നിർമ്മാണ വായ്പാ പരിധി 25 ലക്ഷം രൂപയായി ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-201-98—ഭവന നിർമ്മാണ വായ്പകൾ-സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ബഡ്ജറ്റ് വിഹിതം-പദ്ധതിയേതരം-23,100 ലക്ഷം രൂപ

(44) ഭവന നിർമ്മാണ വായ്പാ പരിധി പരമാവധി 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ ഇനത്തിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും പ്രസ്തുത ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ-നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

ബഡ്ജറ്റ് വിഹിതം-പദ്ധതിയേതരം -675 ലക്ഷം രൂപ

(45) സംസ്ഥാന സർവ്വീസിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് രോഗചികിത്സയ്ക്കായി നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.25 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 4,42,796.44 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 38 ലക്ഷം രൂപ

(46) KSID യും KTDFC യുമായുള്ള വാടക കരാർ പ്രകാരം 3 വർഷം കൂടുംതോറും വാടകയിനത്തിൽ 20% വർദ്ധന നൽകേണ്ടതുള്ളതിനാലും KSHB-ക്ക് നൽകാനുള്ള വാടക, കടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 8.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21(1)—മോട്ടോർ വാഹനം-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

(47) വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും ഓരോ വാഹനം ലഭ്യമാക്കുന്നതിനായി ആവശ്യമായ തുക അനുവദിക്കണമെന്ന് മുൻകാലങ്ങളിൽ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും നടപ്പു സാമ്പത്തിക വർഷത്തിലും ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

2235-60-110-98-01(4)—ജില്ലാ ഓഫീസുകൾ-ഇൻഷ്വറൻസ് വകുപ്പ്-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 3.50 ലക്ഷം രൂപ.

(48) നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ കൂടി അനുവദിക്കമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 35 ലക്ഷം രൂപ.

(49) സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടർ പർച്ചേയ്സ്, BSNL-നുള്ള വാർഷിക തിരിച്ചടവ് എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2017 ഏപ്രിൽ 11.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.